വയനാട് ജില്ലകളിൽ 100 ഹെക്ടർ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ, മികച്ചതും അത്യുത്പാദനശേഷിയുള്ളതുമായ പച്ചക്കറിയിനങ്ങളുടെ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പരിപാടികൾക്കായി 2003-04-ൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ. മുഖാന്തിരം യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ 2293 Self Help ഗ്രൂപ്പുകളിലായി പച്ചക്കറി കൃഷി നടത്തുന്നു. കഴിഞ്ഞകൊല്ലം ആലപ്പുഴ, കൊല്ലം എന്നി ജില്ലകളിലേക്കും, ഈ കൊല്ലം പ്രവർത്തനം ഇടുക്കി, വയനാട് എന്നീ പ്രദേശത്തേക്കും വ്യാപിപ്പിച്ചു.

(ബി) മുൻസർക്കാർ ആവിഷ്കരിച്ച പദ്ധതികളിൽ കാലോചിതമായി പ്രായോഗികവും സാങ്കേതികവുമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കി വരുന്നുണ്ട്.

പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് കൃഷിവകുപ്പും കൃഷിഭവനുകളും സ്വീകരിച്ച നടപടികൾ

76 [3354] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട, ഉള്ള്യേരി, അത്തോളി, തലക്കളത്തൂർ, ഏലത്തൂർ പഞ്ചായത്തുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് കൃഷിവകുപ്പും കൃഷിഭവനുകളും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രദേശങ്ങളിലെ കൃഷിക്കാർ എന്തൊക്കെ കൃഷികളാണ് പ്രധാനമായും ചെയ്തുവരുന്നത് എന്നത് സംബന്ധിച്ച് കൃഷിവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏറ്റവും പ്രധാന കൃഷി ഏതാണെന്നും അതിന് കൃഷിവകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ പഞ്ചായത്തുകളിൽ 2002-2003-ൽ താഴെ പറയുന്ന നടപടികൾ വഴി 160.08 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി:

(1)	ഹരിത സംഘങ്ങൾ വഴി	:	87.50 ഏക്കർ
(2)	വനിതാ സംഘങ്ങൾ വഴി	:	3.00 ഏക്കർ
(3)	വർഷക്കാല പച്ചക്കറി കൃഷി വഴി	:	1.00 ഏക്കർ
(4)	വിദ്യാലയങ്ങൾ വഴിയുള്ള പച്ചക്കറി	:	0.10 ഏക്കർ
(5)	26 കുടുംബശ്രീ യൂണിറ്റുകൾ വഴി	:	13.00 ഏക്കർ
(6)	പച്ചക്കറി വിത്തും വളവും അടങ്ങിയ കിറ്റുകൾ വഴി	:	29.60 ഏക്കർ
(7)	നല്ലയിനം 1294 പച്ചക്കറി വിത്തുപാക്കറ്റുകൾ നാമമാത്ര കർഷകർക്ക് വിതരണം ചെയ്തതു വഴി	:	25.88 ഏക്കർ
	ആകെ	:	160.08 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഠനം നടത്തിയിട്ടുണ്ട്.

(സി) ചോദ്യം എ-യിൽ പറഞ്ഞിരിക്കുന്ന പഞ്ചായത്തുകളിലെ പ്രധാന കൃഷിക്കും പ്രസ്തുത കൃഷികൾക്ക് കൃഷിവകുപ്പ് നൽകുന്ന സഹായങ്ങളും ചുവടെ ചേർക്കുന്നു:

1. തെങ്ങ്: 1. ശാസ്ത്രീയ വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാസവളങ്ങൾ അടങ്ങിയ കിറ്റുകളുടെ വിതരണം.

2. ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 50 ശതമാനം സഹായ നിരക്കിൽ പച്ചിലവളവിത്ത് വിതരണം.

3. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും 5000 രൂപ നിരക്കിൽ ധനസഹായം.

4. നല്ലയിനം തെങ്ങിൻതൈകളുടെ വിതരണം.

2. കുരുമുളക്: 1. വേര് പിടിപ്പിച്ച കുരുമുളക് തൈകളുടെ വിതരണം.

2. കുരുമുളക് തൈകൾക്ക് ആവശ്യമായ രാസവളം, ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ വിതരണം.

3. നെൽക്കൃഷി: 1. ഹെക്ടറിന് ഓരോ സീസണിലും 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നു.

2. ഗ്രൂപ്പ് ഫാമിംഗ് പരിപാടി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെക്ടറിന് 1000 രൂപ നിരക്കിൽ സഹായം.

4. പച്ചക്കറി: 1. ഹരിതസംഘങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ.

2. വിദ്യാലയങ്ങളിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കൽ.

യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ സ്ഥാപിച്ച പച്ചക്കറി മാർക്കറ്റ്

77 [3355] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള പച്ചക്കറി മാർക്കറ്റിന്റെ പ്രവർത്തനം തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഇ.ഇ.സി.-യിൽനിന്നും എത്ര സഹായം ലഭിച്ചു;

(സി) ഇത് ഗ്രാന്റാണോ, ലോണാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly